

എറണാകുളം മിസ്സൻ

VOL. II. ഫൻവർ. No. 9.

വിഷയവിവരം.

		പക്ഷം.
ക.	ഇടയലേഖനം നമ്പ് ൈന (മാതാവിൻെറ മാസം)	നവ൭
ഖ.	" " ൈര (ഋഷിപത്രങ്ങൾ)	നനഖ
ന.	" " ൈഅ (കോൺഫറൻസ്)	നനന൩
ര.	"മോഡെർനിസം"	നര൭
ങ.	കച്ചേരിക്കായ്യം	നരനഖ
ന൩.	പലവക	നരര
൧.	പ്രത്യേക നോട്ടീസ്	നരര൩

എറണാകുളം മിസ്സം.

VOL. II. ഫൻവരി. No. 9.

No. 53.

ദൈവകൃപയാലും
സ്ലീഹാശ്ലൂഹത്ത സിംഹാസനത്തിൻെറ മനോഗ്രണത്താലും
എറണാകുളം അതിരൂപതയുടെ
മെത്രാപ്പോലീത്തയായി തെരിഞ്ഞെടുക്കപ്പെട്ടിരിക്കുന്ന

നാം
കണ്ടത്തിൽ ആഗ്രസ്തീനോസ്,

നമ്മുടെ അധികാരത്തിൽപെട്ട പള്ളികളിലെ ബ. വികാരിമാക്കും,
അസിസ്റ്റെന്തിമാക്കും, ശേഷം പട്ടക്കാക്കും, കൊവേന്തകളുടെ
ബ. ശ്രേഷ്ഠന്മാക്കും, മറു സന്ന്യാസാന്തസ്സുകാക്കും,
വിശ്വാസികൾ എല്ലാവക്കും നമ്മുടെ കർത്താവീ
ശോമ്ശിഹായിൽ സുസ്ഥതയും വാഴ്വും.

ബ. സഹോദരരെ, പ്രിയ മക്കളെ !

അടുത്ത മേയ്മാസം «മാതാ»വിനെ പ്രത്യേകവിധത്തിൽ വണങ്ങുന്നതിനു ശ്ര. പള്ളി നിശ്ചയിച്ചിരിക്കുന്ന മാസമാകുന്നു. ഈ മാസത്തിൽ ലോകത്തിൻെറ ഒരുതിമൂതൽ മറെറ അറുതിവരെ ഈ ഭാഗ്യപ്പെട്ട വളുടെ സ്തുതി കത്തോലിക്കരെല്ലാവരും എത്രയും വലിയ സന്തോഷപൂവ്വം പാടുന്നു. നമ്മുടെ ജനം പരിശുദ്ധ കന്യകമറിയത്തിൻെറ നേക്കു ആരംഭം മുതല്ക്കുതന്നെ വളരെ ഭക്തിയുള്ളവരാണ്. നമ്മുടെ പ്രധാന പള്ളികളിൽ പലതും ഈ മാതാവിൻെറ നാമത്തിൽ പ്രതിഷ്ഠിക്കപ്പെട്ടതാകുന്നു. മാതാ

വിന്റെ സ്തുതിക്കായി ദശനസമൂഹങ്ങളും പലതരം ഭക്തസഭകളും ഏർപ്പെടുത്തപ്പെട്ടിട്ടുണ്ട്. നമ്മളെ കത്തോലിക്കരല്ലാത്തവരിൽനിന്നു വ്യത്യസ്തപ്പെടുത്തുന്ന ഒരടയാളമാണ് ഈ മാതാവിന്റെ വെന്തീങ്ങ്. ശനിയാഴ്ചതോറും വിശേഷ പുണ്യപ്രവൃത്തികൾ ചെയ്തു നാം ഈ മാതാവിനെ പ്രത്യേകവിധത്തിൽ വണങ്ങുന്നു. ദിവസം മുൻനേരം "കർത്താവിന്റെ മാലാഖാ" ചൊല്ലിക്കൊണ്ടു ഈ അമ്മയുടെ സഹായം നമ്മൾ അപേക്ഷിക്കുന്നു. ദിവസംതോറും കൊന്തനമസ്കാരം ചെയ്യാത്ത വീടുകൾ ഒന്നുംതന്നെ നമ്മുടെ ഇടയിൽ ഉണ്ടായിരിക്കയില്ല. ഇങ്ങനെ നമ്മുടെ ഓരോ നടപടികൾ നോക്കുന്നുവെങ്കിൽ "മാതാവ്" അതായതു "അമ്മ" എന്ന വിശേഷപേരാൽ നമ്മൾ വിളിക്കുന്ന ഈ പരിശുദ്ധ കന്യകയുടെ നേർക്കുള്ള ഭക്തി നമ്മുടെ ജനത്തിനു ഒരു പ്രത്യേകതയാണ് എന്നുള്ളതിനു സംശയമില്ല. കഴിഞ്ഞ ഡിസംബർമാസത്തിൽ നമുക്കു ഹയരാർക്കി സ്ഥാപിച്ചപ്പോൾ ശ്രീ. മാപ്പിളപ്പാ നമ്മുടെ ഈ ഭക്തിയെ വിശേഷവിധത്തിൽ ലോകസംക്ഷത്തു എടുത്തുപറഞ്ഞതു എത്ര ന്യായപൂർവ്വമായിരിക്കുന്നു!

നമുക്കു ഈ ഭക്തി ഇത്ര വലുതായിട്ടുണ്ടാകാൻ കാരണമെന്താണ്? ഈ ഭക്തി കൂടാതെ നമുക്കു ഒന്നുംതന്നെ ചെയ്യാൻ പാടില്ലെന്നു നമ്മെ നമ്മുടെ ശ്രീഹാതന്നെ പഠിപ്പിച്ചതുകൊണ്ടായിരിക്കണം നാം ഈ ഭക്തിയെ ഇത്ര ശക്തിയായി പിടിച്ചിരിക്കുന്നതു. ദൈവത്തിനു യാതൊരു മദ്ധ്യസ്ഥവുംകൂടാതെ ഏതു നന്മകളേയും കൊടുക്കുവാൻ പാടുണ്ട്. എന്നാൽ പരിശുദ്ധകന്യകവഴി നമുക്കു രക്ഷിതാവിനെ കിട്ടിയതുപോലെ ഈ മാതാവു വഴിക്കാണ് നമുക്കു രക്ഷയ്ക്കുള്ള നന്മകളും തരുന്നതു എന്നാകുന്നു പല മല്പാന്മാരുടേയും പുണ്യവാന്മാരുടേയും അഭിപ്രായം. എല്ലാനന്മകളും പരിശുദ്ധ മറിയത്തിന്റെ കയ്യിൽകൂടെ വരണമെന്നാണ് ദൈവതിരുമനസ്സു എന്നു ബെർണ്ണർദോസു പുണ്യവാൻ പറയുന്നു. ഈ കന്യകയാണു ദൈവവും മനുഷ്യരും തമ്മിലുള്ള മദ്ധ്യസ്ഥ. നമ്മുടെ കർത്താവീശോമ്ശിഹാ സ്വന്ത യോഗ്യതകളാൽ നമുടെ മദ്ധ്യസ്ഥനായിരിക്കുന്നു. ഇങ്ങനെ അവിടുന്നു സകല നന്മകളും നമുക്കായി സമ്പാദിച്ചിട്ടുണ്ട്. എന്നാൽ ഇവയെ പകുത്തുകൊടുക്കുന്നതു മാതാവു വഴിയായിരിക്കുന്നു. ദൈവികനന്മകൂടാതെ നമുക്കു ഒന്നും ചെയ്യാൻ പാടില്ല. ആകയാൽ ഈ അമ്മയെ കൂടാതെ നമുക്കു ഒന്നും ചെയ്യാൻ സാധിക്കയില്ല.

എന്നാൽ ഈ അമ്മ നമുക്കാദരവായി നില്ക്കുന്നുവെങ്കിൽ നമുക്കു എല്ലാം ചെയ്യാൻ സാധിക്കും. നമ്മളെ കുരിശിൻചുവട്ടിൽവച്ചു മക്കളായി ഈ അമ്മ സ്വീകരിച്ചിട്ടുണ്ട്. ഏതു തള്ളയാണു തന്റെ കുഞ്ഞിനു ഗുണം

വരണം, ഉന്നതി കിട്ടണം, ഭാഗ്യം ലഭിക്കണം എന്നു ആഗ്രഹിക്കാത്തതു? ഇങ്ങനെയെങ്കിൽ ഒരു തള്ളയുടെ എന്നല്ല, എല്ലാ തള്ളമാക്കുമുള്ള സ്നേഹം മുഴുവനുംകൂടി ഒന്നായി കൂട്ടിയാലും ഉള്ളതിനേക്കാൾ അധികമായവിധത്തിൽ നമ്മെ സ്നേഹിക്കുന്ന നമ്മുടെ പരിശുദ്ധ അമ്മ തന്റെ തിരുക്കുമാരനെ സ്നേഹിക്കുന്നതുപോലെ ആ ദൈവകുമാരനെപ്രതി നമ്മെ സ്നേഹിക്കുന്നു. ഇങ്ങനെയുള്ള ഈ മാതാവു നമുക്കുവേണ്ടി എന്താണു ചെയ്യുയില്ലാത്തതു? ഇതിനു ധാരാളം ശക്തിയും ഈ അമ്മയ്ക്കുണ്ട്. മാതാവിന്റെ പ്രാർത്ഥനയുടെ ശക്തികൊണ്ട് സർവ്വവല്ലഭ എന്നാണ് മല്പാന്മാർ ഈ നമ്മുടെ അമ്മയെ വിളിക്കുന്നതു. ദൈവത്തിൽനിന്നു എന്തും നമുക്കു അപേക്ഷിച്ചു തരുവിക്കും. ചരിത്രം ഇങ്ങനെയുണ്ടായിട്ടുള്ള അത്ഭുതങ്ങൾകൊണ്ടു നിറഞ്ഞിരിക്കുന്നു. മാതാവിന്റെ നാമത്തിലുള്ള പ്രസിദ്ധ ദേവാലയങ്ങളിൽ ചെന്നു വണങ്ങുന്ന എത്ര പേർക്കാണ് ഓരോ സഹായങ്ങൾ ലഭിച്ചിട്ടുള്ളതു് എന്നതിനു കണക്കുണ്ടോ? നിങ്ങളിൽ പലരുംതന്നെ ഇതനുഭവിച്ചറിഞ്ഞിട്ടുള്ളവരാണ് എന്നു നാം വിചാരിക്കുന്നു.

ഈ മാതാവിന്റെ ഭക്തി ദൃഢമായിനില്ക്കുന്ന സ്ഥലങ്ങളിൽ വിശ്വാസവും പുണ്യജീവിതവും വർദ്ധിച്ചുതന്നെയിരിക്കും. പിശാചു് വിശ്വാസത്തെ നശിപ്പിക്കുന്നതിനു ഉത്സാഹിക്കുമ്പോൾ മുഖ്യമായി അവന്റെ ശ്രമം മാതാവിന്റെ നേർക്കുള്ള ഭക്തി കുറയ്ക്കുനാണ്. എടത്തൂട്ടുകാരുടെ ഇടയിൽ ഈ ഭക്തി ശരിയായി ഇല്ലാതിരിക്കുന്നതിന്റെ കാരണം ഇതാണ്. മാതാവിനെ നല്ലതിനല്ലാം ബഹുമാനിക്കുന്നവർ സ്വർഗ്ഗീയപിതാവിനെയും വേണ്ടവിധം വന്ദിക്കും എന്നു പിശാചിന്നറിയാം. ആകയാൽ അവന്റെ കണിയിൽ വിശ്വാസികളെ അകപ്പെടുത്തുന്നതിനും അവിശ്വാസികൾ തിരിഞ്ഞു സത്യമാർഗ്ഗത്തിൽ നടക്കാതിരിക്കുന്നതിനും അവൻ പല നൂറ്റാണ്ടുകളുടെ പരിചയംകൊണ്ടു മനസ്സിലാക്കിയിരിക്കുന്ന കുറുക്കുവഴി മാതാവിന്റെ നേർക്കുള്ള ഭക്തിയിൽ കുറവുവരുത്തുക എന്നതാണ്. ആകയാൽ ഈ ഭക്തി നമ്മിൽ വർദ്ധിക്കാതിരിക്കാൻ അവൻ കഴിയുന്നശ്രമങ്ങൾ ചെയ്യും. മാതാവിന്റെ നേർക്കു വാസ്തവമായ ഭക്തിയുള്ളവർ നശിച്ചുപോകയില്ലെന്നു അവനറിയാം. നാം ഇതറിഞ്ഞു എപ്പോഴും പ്രവർത്തിക്കണം.

എന്നാൽ പ്രിയ ബ. സഹോദരരെ, വാത്സല്യ മക്കളെ! നമ്മുടെ ഇടയിൽ ഈ മാതാവിന്റെ നേർക്കുള്ള പല ഭക്തകൃത്യങ്ങൾ നമ്മൾ സാധാരണമായി നടത്തുന്നുണ്ട്. ഇനി മാസത്തിൽ നാം എന്താണ് വിശേഷാൽ ചെയ്യേണ്ടതു? മാതാവിന്റെ സ്തുതിക്കായി നാം സാധാരണ ചെയ്തുവരുന്ന നമസ്കാരങ്ങൾ, ഭക്തകൃത്യങ്ങൾ മുതലായ നല്ല സൂക്ഷത്തോടും

താപ്പയ്ത്തോടുംകൂടി നടത്താനാണ് ഒന്നാമതായി നിശ്ചയിക്കേണ്ടതു്. പ്രത്യേകം സന്ധ്യക്കു "കത്താവിന്റെ മാലാഖാ" കഴിഞ്ഞു് ഉടനെതന്നെ അമ്പത്തുമൂന്നുമണിജപം കൂട്ടമായി ചൊല്ലുന്ന പതിവു് എതു ബുദ്ധപ്പാടുണ്ടായിരുന്നാലും ഉപേക്ഷിക്കരുതു്. എല്ലാവീടുകളിലും ഇങ്ങനെ ചെയ്യണം. കൂടാതെ നമ്മുടെ എതുയും പ്രിയപ്പെട്ട ഈ അമ്മയുടെ നേക്കുള്ള സ്നേഹത്തിന്റെ അടയാളമായി എപ്പോഴും വെന്തീണ്ടു് ധരിച്ചു നടക്കുക പതിവുള്ളതും വിട്ടുകളയരുതു്.

രണ്ടാമതായി, ഈ അമ്മയ്ക്കു ഇഷ്ടക്കേടായിട്ടുള്ള യാതൊരു പ്രവൃത്തികളും — പ്രത്യേകം പാപങ്ങൾ — നിങ്ങൾ ചെയ്കയില്ലെന്നും, നിങ്ങളുടെ കീഴുള്ളവരെ ഇഷ്ടമാരെ ചെയ്യാതിരിപ്പാൻ തക്ക ശ്രമങ്ങൾ ചെയ്യുന്നുണ്ടെന്നും, നിശ്ചയിക്കയും ഇതുപ്രകാരം പ്രത്യേകം ഈ മാസത്തിൽ നടത്താൻ കഴിയുന്നശ്രമം ചെയ്കയും വേണം. വലിയപാപത്തിൽ വീണുപോയാൽ ഉടനെ കുമ്പസാരം വഴിയായി ആത്മാവിനെ ശുദ്ധിയാക്കാൻ അശേഷം മടി വിചാരിക്കരുതു്.

മൂന്നാമതായി, എതു പ്രയാസങ്ങളെ, ബുദ്ധിമുട്ടുകളെ, സങ്കടങ്ങളെ വന്നാലും ഈ അമ്മയുടെ പക്കൽ, കുഞ്ഞുങ്ങൾ തള്ളമാരുടെ പക്കൽ ചെല്ലുന്നപ്രകാരം സങ്കേതം പിടിക്കയും, എപ്പോത്തിലും "വ്യാകുലമാതാവിന്റെ ആശ്വാസ"മായിരിക്കുന്ന ഈ അമ്മ നമ്മുടെ ആത്മാക്കളുടെ രക്ഷയെ ഓർത്തു വേണ്ടുന്നവിധത്തിൽ നമ്മെ സഹായിക്കുമെന്നും സഹനശക്തിതരുമെന്നും ഉറച്ചു് ഈ മാതാവിൽ പൂർണ്ണശരണംവച്ചു് അപേക്ഷിക്കയും വേണം.

നാലാമതായി, ഒരു ദിവസമെങ്കിലും ഈ മാതാവിനെക്കുറിച്ചു് ഒരു പ്രത്യേക പുണ്യപ്രവൃത്തിചെയ്യാതെ കിടക്കയില്ല എന്നു നിശ്ചയിക്കുക. നമുക്കു ആരുടെ നേക്കെങ്കിലും വിരോധമുണ്ടെങ്കിൽ അതു ഹൃദയത്തിൽനിന്നു കളകയൊ, നമ്മെ ഉപദ്രവിച്ചവരോടു ഈ അമ്മയെ ഓർത്തു പ്രതികാരം ചെയ്യാതിരിക്കയൊ, ദോഷത്തിനുള്ള അവസരങ്ങളിൽനിന്നു മാറുകയൊ, ദുരാശകളെ അടക്കുകയൊ, പാപികളെയൊ ഇടത്തുട്ടുകാരെയൊ അജ്ഞാനികളെയൊ മനസ്സുതിരിക്കുന്നതിനു ശ്രമിക്കയൊ മറ്റിതുപോലെയുള്ള എതെങ്കിലുമൊ, ഈ അമ്മയുടെ സ്തുതിക്കായി ദിവസവും ചെയ്യണം.

ഈ മാസത്തിലെ ഭക്താഭ്യാസങ്ങളിൽ ചേർന്നുകൊണ്ടും മേൽപറഞ്ഞവിധം മാതാവിനെ ബഹുമാനിച്ചുകൊണ്ടും നടക്കുന്നെങ്കിൽ ആർക്കാണ് ഈ മാതാവിന്റെ സഹായം ഉണ്ടാകയില്ലെന്നു സംശയിപ്പാൻ പാടുകുന്നതു്? നിശ്ചയമായിട്ടും ഈ അമ്മ നാം ദിവസവും പല പ്രാവശ്യം അപേക്ഷിക്കുന്നതനുസരിച്ചു് പ്രത്യേകം നമ്മുടെ മരണനേരത്തു് വാസ്തവത്തിൽ അമ്മ

തന്നെയാണെന്ന തന്റെ സ്നേഹത്താൽ കാണിക്കയും ഈ അമ്മയുടെ കരങ്ങളിൽ നമ്മളുടെ ആത്മാവിനെ കയ്യാളിക്കുന്നതിനു നമുക്കിടവരികയും ചെയ്യും.

ഈ ഭാഗ്യം നമുക്കെല്ലാവർക്കും നാം ആഗ്രഹിക്കയും അപേക്ഷിക്കയും നിങ്ങളെ എല്ലാവരെയും ഹൃദയപൂർവ്വം ആശീർവ്വദിക്കയും ചെയ്യുന്നു.

എന്നു് എറണാകുളത്തു നമ്മുടെ ആശ്രമത്തിൽനിന്നും,
ഫൻഫുല്ല ഫ്രാൻസിസ് പഠാരം-.
എറണാകുളം വി. അ. കണ്ടത്തിൽ ആഗ്നസ്സീനാസ്സ്
മെത്രാപ്പോലീത്താ elect.

2 [illegible]
[illegible]

ജ്ഞാപകം:— ഈ ഇടയലേഖനം കിട്ടിയിട്ടവരുന്ന രണ്ടു ഞായറാഴ്ച ഇതു പള്ളിയിൽ പരസ്യമായി വായിച്ചുകൊള്ളണം.

No. 54.

ബ. സഹോദരരെ, പ്രിയ മക്കളെ!

നിങ്ങൾ വിശുദ്ധജനമാകുന്നു എന്നുള്ള വേദവാക്യം (I പത്രോ. II,9) നമ്മുടെ ജനത്തെസംബന്ധിച്ചു പറയാവുന്നതാണ്. എന്തെന്നാൽ ദൈവദത്തമായ നമ്മുടെ വിശ്വാസത്താലും സകലഗുണസംപൂർണ്ണനായ നമ്മുടെ കർത്താവീശോമ്ശിഹാതന്നെ നമ്മുടെ അദ്ധ്യക്ഷനാകയാലും അവിടുത്തെ മാതൃകയനുസരിച്ചും ഉപദേശാനുസരണവും നാം വ്യാപരിക്കുന്നതിനാലും നമ്മൾ വിശുദ്ധജനം എന്ന വാസ്തവത്തിൽ പറയപ്പെടാവുന്നതാണ്. എന്നാൽ മാലാഖമാരുടെ ഇടയിൽ ഭിന്നതയും മത്സരാത്മാവും പരത്തിയ "ശ്കീൽ നൂറാ" വൃഥാ ഇരിക്കുന്നില്ല. നമ്മുടെ ആദിമാതാപിതാക്കന്മാരുടെ സന്തോഷകരവും ഭാഗ്യപ്രദവും ദൈവാത്മാവിയോടുകൂടിയും ആയ ജീവിതത്തെ കണ്ടിട്ടുള്ള അസൂയയാൽ അവരെ പാപത്തിൽവീഴിച്ചു് മനുഷ്യകുലത്തിനു നമ്മൾ കാണുന്നതും അനുഭവിക്കുന്നതുമായ അനേകനാശങ്ങൾ വരുത്തിക്കൂട്ടി. ഈ പിശാചു് ലോകാവസാനത്തോളം മനുഷ്യക്കു നാശങ്ങൾ വരുത്തിക്കൂട്ടാൻ ശ്രമിക്കയും ചെയ്യും.

എന്നാൽ അവന്റെ ശക്തി അധികമായി അവൻ പ്രയോഗിക്കുന്നതു് അവനു വിരോധമായി നമ്മുടെ കർത്താവിന്റെ കൊടിയിൻകീഴ് യുദ്ധം ചെയ്യുന്ന കത്തോലിക്കരുടെ നേർക്കാണ്. കത്തോലിക്കർ അധികമുള്ള ന

മുടെ ഈ ദേശത്തുതന്നെ മറുള്ള എല്ലാ ജനക്കൂട്ടത്തോടു താരതമ്യപ്പെടുത്തി നോക്കുന്നതായാൽ നമ്മൾ ഒരു ചെറിയഭാഗമാത്രമെയാകുന്നുള്ളൂ. നമ്മുടെ ചുറുമുള്ള മറുരാജ്യങ്ങളോടു താരതമ്യപ്പെടുത്തിയാൽ നമ്മൾ കണക്കിൽപെടുത്താൻമാത്രം ഇല്ലാത്തതുപോലെയാണ്. ഇങ്ങനെയുള്ള ഈ അജ്ഞാനരാജ്യത്തു് പിശാചു് എത്ര സ്വാതന്ത്ര്യമായിട്ടാണ് സഞ്ചരിക്കുന്നതു്? അവൻ ഇവിടെ രാജ്യഭാരംചെയ്യുന്ന ഈ അവസരത്തിൽ അവന്റെ ആജ്ഞ അനുസരിക്കുന്നില്ലാ എന്നമാത്രമല്ല, അവന്റെ ആളുകളെക്കൂടി മാനസാന്തരംവഴി പിടിച്ചുകൊണ്ടുപോകുന്ന കുറെപ്പേരെകാണുമ്പോൾ അവനു എത്ര കോപമാണുണ്ടാകുന്നതു്? അവനു വിരോധമായി മ്ശിഹായുടെ വിശ്വസ്തമക്കളായി ശ്ര. തോമ്മാശ്ലീഹായുടെ കാലംമുതൽ പ്രത്യേകം നിലനില്ക്കുന്ന നമ്മുടെ ജനത്തെ ഭിന്നതയിലും പരസ്പരവിരോധത്തിലും നാശത്തിലുമാക്കാൻ അവൻ കഴിയുന്നശ്രമം ചെയ്യുന്നുണ്ടെന്നു ന്യായമായി അനുമാനിക്കാവുന്നതാണ്.

ഇതിനു അവൻ പ്രേരിപ്പിക്കുന്നതു നമ്മുടെ ചുറുമുള്ള ഭിന്നപക്ഷക്കാരായ ഇടത്തുട്ടുകാരുടേയും ശീസ്മക്കാരുടേയും അജ്ഞാനികളുടേയും നടപടി മൂണ്ടിക്കാണിച്ചുകൊണ്ടാകുന്നു അവർ തമ്മിൽ തമ്മിൽ വിരുദ്ധകക്ഷികളായി പിരിഞ്ഞുപോകുന്നതും, വൈദികരെന്നോ, വൈദികാദ്ധ്യക്ഷന്മാരെന്നോ, മേലധികാരമെന്നോ ഉള്ള ശരിയായുബന്ധംകൂടാതെയുള്ള അവരുടെ പ്രവൃത്തികളും, ശരിയായ മതാധിപൻ എന്നുള്ള വിചാരമില്ലാത്ത മറുകൂട്ടരുടെ വ്യാപാരങ്ങളും ലൌകികാധികാരങ്ങളെ വകവയ്ക്കാതെയും ന്യായാനുസരണമായ മാർഗ്ഗങ്ങളിൽകൂടെയല്ലാതെയുമുള്ള പലരുടെ പ്രവൃത്തികളുമാണ് നമ്മൾ എപ്പോഴും കാണുന്നതു്. പ്രസംഗങ്ങൾ വഴിയായും ഓരോ യോഗങ്ങളൊ മീറിംഗുകളൊ മാർഗ്ഗമായും വർത്തമാനപ്പത്രങ്ങൾ, ലഘുലേഖനങ്ങൾ ഇങ്ങനെയുള്ള പ്രസിദ്ധീകരണങ്ങൾ വഴിയായും ഈ അരുപിയെ വർദ്ധിപ്പിക്കാൻ നോക്കുകയാണ് പലരും ചെയ്യുന്നതു എന്നു നമ്മൾ ഗ്രഹിക്കുന്നുണ്ട്.

ഇതു ഒരു വസന്തപോലെയാണ്. ആകയാൽ ഈ അരുപി ചില കത്തോലിക്കരിലും പിടിച്ചിരിക്കുന്നതായി കാണുന്നു. എന്നുമാത്രമല്ല ഇവരിൽ ചിലർ ഇതിനെ പരത്താൻ നോക്കുന്നതായും പ്രത്യക്ഷപ്പെടുന്നു. എന്തെന്നാൽ, സമാധാനത്തിലും ഐക്യത്തിലും ജീവിക്കുന്ന കത്തോലിക്കരുടെ ഇടയിലും ഇപ്പോൾ ഓരോ ദുഷിപ്രകൃത്തുകൾ പരത്താൻ തുടങ്ങിയിരിക്കുന്നതു ഈ മത്സരാരുപിയും അധികാര നിരാസവും പരത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണെന്നതോന്നുന്നു! വയലിന്റെ ഉടമസ്ഥൻ വേലക്കാരോടു കളകളെപ്പറ്റി വേദപുസ്തകത്തിൽ (മത്തായി XIII, 28) "ഇതു ശത്രു

ചെയ്തതാണ്" എന്നു പറഞ്ഞതുപോലെ നിങ്ങളും ഇവരെ വിചാരിക്കണം. ഇപ്പോൾ ഭാഗ്യമായി വാഴുന്ന പരിശുദ്ധ പതിനൊന്നാംപീയൂസ് മാപ്പാപ്പാ തിരുമനസ്സുകൊണ്ടതന്നെ കഴിഞ്ഞ ഡിസംബർ മാസത്തിൽ നമുക്കു ഹയരാക്കി സ്ഥാപിച്ചതന്നപ്പോൾ നമ്മുടെ പ്രത്യേക സ്തുതിയായി പറഞ്ഞിരിക്കുന്ന ഒരു ഭാഗം നമ്മുടെ ജനത്തിനു വൈദികരുടേയും മെത്രാന്മാരുടേയും, എല്ലാറ്റിലും പ്രധാനമായി ശ്ര. സിംഹാസനത്തിന്റേയും, നേർക്കുള്ള ഭക്ത്യാദരങ്ങളാകുന്നു. തിരുമനസ്സുകൊണ്ടു കല്പിച്ചരുളിയ വചനങ്ങൾ അത്ഥവത്തല്ല എന്നു കാണിക്കുന്നതിനും ഭ്രഷ്ടലോകം മുഴുവനും നമ്മുടെ ജനത്തെക്കുറിച്ചു പ്രചരിച്ചിരിക്കുന്ന ഈ സ്തുതിയെ ഇല്ലാതാക്കണമെന്നുള്ള ദുരുദ്ദേശത്തോടുകൂടിയുമല്ലയൊ ചില ദുഷിപത്രങ്ങൾ വൈദികാന്തസ്സുകാരെപ്പറ്റിയും ശ്ര. സിംഹാസനത്തിന്റെ പ്രതിനിധികളും ശ്ര. രൂഹാദക്കുദശാതമ്പുരാനാൽ നിശ്ചയിക്കപ്പെട്ടവരുമായ മെത്രാന്മാരെക്കുറിച്ചുകൂടിയും പരസ്യം ചെയ്യുന്നതു്! ഇവർ ഇനി ശ്ര. കത്തോലിക്കാപ്പള്ളിയെയും അതിന്റെ പരിശുദ്ധ നിയമങ്ങളേയും ശ്ര. പള്ളിയുടെ കാണപ്പെട്ട തലവനായ ശ്ര. മാപ്പാപ്പായേയും ദുഷ്യം പറവാൻ തുനിയുന്നെങ്കിൽ അതിനെക്കുറിച്ചു അത്ര അത്ഭുതപ്പെടേണ്ടതില്ല.

പ്രിയ ബ. സഹോദരന്മാരെ, വാത്സല്യമക്കളെ! ഇതു "ശത്രുവിത യ്ക്കുന്ന" താണെന്നോത്തു് ഇങ്ങനെയുള്ളവയെ വായിക്കുകൂടി ചെയ്യരുതാത്തതാകുന്നു. നമ്മുടെ കത്താവിന്റെ പീഡയും ഹരംശോമ്ശീഹാ എഴുന്നെള്ളി വസിക്കുന്ന ഭവനവുമായ നമ്മുടെ ഹൃദയത്തിൽ ഇത്തരം ദുഷ്യവിചാരങ്ങൾ കയറാൻകൂടി ഒരിക്കലും അനുവദിക്കരുതു്. ഇങ്ങനെയുള്ള ദുഷിപത്രങ്ങൾ പരത്തുന്നതും അന്യരുടെ കയ്യിൽ ചെല്ലാൻ അനുവദിക്കുന്നതും ശരിയല്ലെന്നു ഓത്തിരിക്കേണ്ടതാണ്. എന്തെന്നാൽ, ഇങ്ങനെ തിന്മപരത്തുന്നതിൽ പങ്കാളികളും, മാനഹാനി മുതലായതു വരുത്തുന്നതിനാലുണ്ടാകുന്ന ഉത്തരിപ്പു കടത്തിന്നുകൂടി കടപ്പെട്ടവരായി വരുമെന്നു നാം നിങ്ങളെ പ്രത്യേകം ഓർപ്പിക്കണമെന്നില്ല. കത്തോലിക്കർ പ്രത്യേകം തങ്ങളുടെ മേല്പട്ടക്കാരെപ്പറ്റി ദുഷ്യങ്ങൾ പരസ്യംചെയ്യുന്നതായിരുന്നാൽ അവരെ, വേണ്ടപരിഹാരം ചെയ്യുകയും ഉത്തരപ്പു നീക്കുകയും ചെയ്തുക്കവണ്ണം, ശിക്ഷയിൽ നിർത്തേണ്ടതാണെന്നാണ് നിയമം. കത്തോലിക്കാപ്പള്ളിയിലെ വൈദികരെയും വൈദികാദ്ധ്യക്ഷന്മാരെയും ഇങ്ങനെ ദുഷിക്കുന്നവർ ഇതരമതക്കാക്കു കൂടി ശ്ര. പള്ളിയുടെനേർക്കുള്ള ബഹുമാനത്തെ കുറയ്ക്കുകയാണ് ചെയ്യുന്നതെന്നു നിങ്ങൾക്കു അറിയാം.

മറ്റുള്ളവർക്കു സദുപദേശങ്ങൾ കൊടുത്തും സന്മാതൃക കാണിച്ചും

വിശ്വാസത്തിൽ അവരെ സ്ഥിരപ്പെടുത്താൻ ശ്രമിക്കുന്നതിനുപകരം ഇത്തരം ദുഷിപ്രതങ്ങളും ലഘുപത്രികകളും നിർമ്മിക്കയും പരത്തുകയും ചെയ്യുന്നവർ മറ്റുള്ളവരുടെ വിശ്വാസത്തിന്നും ഹാനിവരുത്തുകയും മറ്റു വളരെ ദോഷങ്ങൾ വരുത്തിക്കൂട്ടുകയും ചെയ്യുകയാണ് ചെയ്യുന്നത്. കർത്താവ് പറഞ്ഞിരിക്കുന്നതുപോലെ ഉതപ്പുകൾ ഈ ലോകത്തിൽ ഉണ്ടാകാതിരിക്കയില്ല. എന്നാൽ ഉതപ്പുവരുത്തുന്നവരെക്കുറിച്ചു നമ്മുടെ കർത്താവ് അരുളിച്ചെയ്തിരുവചനങ്ങളെ നാം അവരെ ഓർപ്പിക്കുന്നു (ലൂക്കാ XVII. 1,2; മത്തായി V. 29,30). അവയെങ്കിലും ഓർത്തു നമ്മുടെ നല്ല ജനത്തെ നാശത്തിന്റെ വഴിയിൽ ആക്കാതിരിക്കയും ശ്ര. പള്ളിയെ പരിഹാസപാത്രമാക്കാതിരിക്കയുംചെയ്യട്ടെ.

എന്നാൽ പ്രി. ബ സഹോദരന്മാരെ, വാത്സല്യ മക്കളെ! നാം നമ്മുടെകടമയനുസരിച്ചു എതുയും വിലയേറിയ നിങ്ങളുടെ വിശ്വാസത്തിന്നും ദൈവസ്നേഹത്തിന്നും ഹാതൊരു ഭംഗവും വരാതെ കാക്കുന്നതിനായി നാം ഈ സംഗതി നിങ്ങളെ ഓർപ്പിക്കുന്നു. അവരൊയെന്നാൽ നിങ്ങളുടെ സാക്ഷാലുള്ള ഗുണത്തെ — നമ്മുടെ ജനത്തിന്റെ പൊതുഗുണത്തെ — യല്ല വിചാരിക്കുന്നത്. അവരുടെ നിഗളത്തിൽനിന്നുണ്ടായിട്ടുള്ള വാശിയേയൊ വിചാരിച്ചപോലെ കാര്യം നടക്കാഞ്ഞതിനാലുണ്ടായ ഇഷ്ടക്കേടിനേയൊ പുലത്താൻ മാത്രമെ അവർ നോക്കുന്നുള്ളു. അവർ നമ്മുടെസമുദായത്തെ വർദ്ധിപ്പിച്ചു യോജിപ്പിച്ചും ശക്തിപ്പെടുത്തിയും ഉയർത്താനല്ല ശ്രമിക്കുന്നത്, അതിനെ ചിന്നഭിന്നമാക്കാനാണ് ഉത്സാഹിക്കുന്നത്എന്നു അറിഞ്ഞുകൊള്ളുന്നു.

നമ്മുടെ മിസ്സത്തിൽ വിശേഷവിധത്തിലുള്ള ഉത്സാഹത്തോടും ഒത്തൊരുമിച്ചും മാനസാന്തരം മുതലായതിനുവേണ്ടി പ്രയത്നം ചെയ്യുതിനെ ദൈവം അനുഗ്രഹപൂർവ്വം കൈക്കൊണ്ടതു പിശാചിന്നു അത്ര രസമായില്ല. അതിനാൽ അവയ്ക്കു തടസ്ഥം വരുത്തണം, മറ്റുള്ള വിചാരങ്ങളിലേക്കു നിങ്ങളുടെ മനസ്സിനെ തിരിക്കണം എന്നു കരുതി അവൻ കണ്ടുപിടിച്ച മാർഗ്ഗമാകുന്നു ദുഷിപ്രതങ്ങൾ. ഇങ്ങനെ കലക്കവും യോജിപ്പില്ലായ്മയും വരുമ്പോൾ ദൈവസ്തുതിക്കായി നമ്മൾ തുടങ്ങിയ വേലയ്ക്കു വേണ്ട ഉത്സാഹം ഉണ്ടാകയില്ലായെന്നു അവൻ അറിഞ്ഞുകൊണ്ടാകുന്നു അവന്റെ കരുക്കളായി ഇങ്ങനെയുള്ള പോംവഴികളെ ഉപയോഗിക്കുന്നത്. ഈ സംഗതി നിങ്ങൾ പ്രത്യേകം ഓർമ്മയിൽവച്ചുകൊണ്ടു നിങ്ങളുടെ കടമസംബന്ധമായ ജോലികളും പ്രത്യേകം മനസ്സുതിരിവിന്റെ വേലയും മുമ്പിലത്തേതിലും ഉൽസുക്തത്തിലും ഉത്സാഹത്തിലും എല്ലാവരും യോജിച്ചു നടത്തണമെന്നും ഇതി

നായി സ്വാത്മത്തെവിട്ട എന്തു ബുദ്ധിമുട്ടുകളും ചിലവുകൾതന്നെയും ചെയ്താലും അധികമായിപ്പോകയില്ലെന്നു കരുതി കത്താവിന്റെ തിരുഹിതം ഫലപ്രദമാക്കാൻ ഒത്തൊരുമിച്ചു ഉത്സാഹിക്കണമെന്നും നാം ബലമായി ഗ്രണദോഷിക്കുന്നു.

നിങ്ങളെ എല്ലാവരെയും നമ്മുടെ കത്താവു അവിടുത്തെ സ്നേഹത്തിലും സമാധാനത്തിലും കാക്കട്ടെ എന്നു ഹൃദയപൂർവം നാം അപേക്ഷിക്കയും ചെയ്യുന്നു.

എന്നു എറണാകുളത്തു നമ്മുടെ അരമനയിൽനിന്നും,
ഫൻപറ ഏപ്രിൽ ഫഫ-ാംനു.
എറണാകുളം വി. അ. കണ്ടത്തിൽ ആഗ്രസ്തീനോസ്
മെത്രാപ്പോലീത്താ elect.

N.B.—ഇതു രണ്ടു ഞായറാഴ്ച പള്ളിയിൽ പരസ്യമായി വായിച്ചുകൊള്ളണം

No. 55.

നമ്മുടെ അധികാരത്തിൽപെട്ട പള്ളികളിലെ ബ. വികാരിമാർക്കും,
അസിസ്റ്റന്തിമാർക്കും, ശേഷം പട്ടക്കാർക്കും,
നമ്മുടെ കത്താവീശോമ്ശിഹായിൽ സുസ്ഥതയും വാഴ്വും.

ബ. സഹോദരന്മാരെ!

മറുള്ളവരെ പഠിപ്പിക്കേണ്ടവരും, പലവിധ ജോലിക്കാരായി ഇടവകയിലുള്ള സകലർക്കും അവരവരുടെ സ്ഥിതിക്കനുസരണമായി ശരിയായ ജീവിതം നടത്തേണ്ടതു എങ്ങനെയെന്നു പറഞ്ഞുകൊടുക്കയും ആത്മസംബന്ധമായും ലൌകികമായും അവർക്കു നേരിടുന്ന പ്രയാസങ്ങളിലും വിഷമങ്ങളിലും വഴികാട്ടികളും ആശ്വാസപ്രദന്മാരും ആയിരിക്കയും ചെയ്യേണ്ടുന്നവരുമായ പട്ടക്കാർ എത്ര പഠനവും അറിവുമുള്ളവരായിരിക്കണമെന്നു നാം പ്രത്യേകം പറയണമെന്നില്ല.

പട്ടക്കാർക്കു ജ്ഞാനം എത്ര ആവശ്യമാണെന്നു കാണിക്കുന്നതിനു പ്രൊൻസീസ്കോസലേസ് പുണ്യവാൻ ഇതു പട്ടക്കാർക്കുള്ള എട്ടാമത്തെ കൂദാശയാണെന്നു പറഞ്ഞിരിക്കുന്നു. ശരിയായ ജ്ഞാനം ഇല്ലാതെ പട്ടക്കാർക്കു എങ്ങനെയാണു മതപഠനവും സന്മാർഗ്ഗനടപടിയും സംബന്ധമായ സംഗതികളിൽ രീച്ചപറയുന്ന വിധിയാളന്റെയും, ദൈവകാര്യങ്ങളെ വേണ്ടവിധത്തിൽ ജനങ്ങളുടെ മുമ്പാകെ വ്യവഹരിക്കുന്ന ന്യായവാദിയുടെയും, എല്ലാ

വിധ ആത്മികവ്യാധികൾക്ക അതാതിന്നു യുക്തമായ ഔഷധങ്ങളെ നി
ശ്ചയിക്കേണ്ടുന്ന വൈദ്യന്റെയും ജോലി നിവഹിക്കാൻ സാധിക്കുന്നതു?
(Ambassador of Xt. cap. 16). ഈ അവസരത്തിൽ കുമ്പസാരക്കാ
രായ പട്ടക്കാക്കുണ്ടായിരിക്കേണ്ടുന്ന ജ്ഞാനത്തെപ്പറ്റി — എല്ലാറ്റിലും
പ്രധാനമായി സന്മാർഗ്ഗശാസ്ത്ര ജ്ഞാനത്തെപ്പറ്റി — ശ്രീ. അല്ഫോൻസ്
ലിഗോരി, പട്ടക്കാരന്റെ മഹിമയെയും കടമകളെയും കുറിച്ചു എഴുതീട്ടുള്ള
പുസ്തകത്തിൽ ചേർത്തിരിക്കുന്ന ഭാഗം മുഴുക്കെയായി ഓർപ്പിക്കുന്നതു നല്ലതെ
ന്നു നാം വിചാരിക്കുന്നു. «കുമ്പസാരക്കാരനു വലിയ ജ്ഞാനം ആവശ്യ
മാണ്. സന്മാർഗ്ഗശാസ്ത്രം എളുപ്പമാണെന്നു ചിലർ വിചാരിക്കുന്നു. എ
ന്നാൽ ജേർസൻ അതു എല്ലാ ശാസ്ത്രങ്ങളെക്കാൾ വിഷമമായിട്ടുള്ളതാണെ
ന്നാണു ന്യായമായി പറയുന്നതു. ശ്രീ. ഗ്രിഗോരിയോസ്, ആത്മാക്കളെ ന
ടത്തുന്നതു എല്ലാ വിദ്യകളിലും വലിയ വിദ്യയാണെന്നു പറഞ്ഞിരിക്കുന്നു.
ശ്രീ. ഗ്രീ. നസ്യാൻസനും മനുഷ്യരെ ശരിയായി നടത്തുന്നതാണു എല്ലാ ശാ
സ്ത്രങ്ങളിലും വലുതെന്നു പറയുന്നു. ശ്രീ. പ്രാൻസീസ്സലേസും കുമ്പസാ
രക്കാരന്റെ ജോലിയാണു മറ്റെല്ലാറ്റിലും ഔന്നത്യവും പ്രയാസമുള്ളതും
എന്നു പറഞ്ഞിരിക്കുന്നു. ഇതിൽ ആത്മാക്കളുടെ നിത്യരക്ഷ ആശ്രയിച്ചിരി
ക്കുന്നതിനാലാണ് എതുയുംഔന്നത്യമെന്നു പറഞ്ഞിരിക്കുന്നതു; സന്മാർഗ്ഗശാ
സ്ത്രജ്ഞാനത്തിനു മറുപല ശാസ്ത്രങ്ങളും അറിഞ്ഞിരിക്കേണ്ടതുകൊണ്ടും സാ
ഹചര്യങ്ങൾ വ്യത്യാസപ്പെടുമ്പോൾ തീരുമാനങ്ങളും വ്യത്യാസപ്പെട്ടിരിക്കേ
ണ്ടുന്നതുകൊണ്ടും അതു വളരെപ്രയാസവുമുള്ള ശാസ്ത്രമാണ്.» (St. Alph.
Selva Part II. Instr. 4). ഇതു കാരണം ഈ പുണ്യവാൻതന്നെ,
സന്മാർഗ്ഗശാസ്ത്രപാനം യാതൊരു കുമ്പസാരക്കാരനും നിർത്തിക്കളയരുതു;
എന്തുകൊണ്ടെന്നാൽ അതു പലവിധ സംശയങ്ങളെ അടക്കിക്കൊള്ളുന്നതു
മുഖാന്തരം ഒരിക്കൽ നല്ലവണ്ണം പഠിച്ചിട്ടുള്ളതായാലും കാലക്രമംകൊണ്ടു
ബുദ്ധിയിൽനിന്നു മാഞ്ഞുപോകും; (Praxis confess. chap. I,3). ഇ
തു ഹേതുവാലാണ് കാനൻ നിയമത്തിലും കുമ്പാനപ്പട്ടമേറ്റശേഷം പാ
നം ഉപേക്ഷിക്കരുതു എന്നു പ്രത്യേകം നിബന്ധനചെയ്തിരിക്കുന്നതു.

ഇങ്ങനെ പാനവും ദിവസംതോറും നടത്തുന്നതിനു പട്ടക്കാരെ പ്ര
ത്യേകം ഉത്സാഹിപ്പിക്കണം എന്നു കരുതിയാണ് അത്മേനിപട്ടക്കാർക്കായി
ഏർപ്പെടുത്തിയിട്ടുള്ള «അപ്പസ്തോലിക്ക് യൂനിയൻ» എന്ന ഭക്തസംഘത്തി
നു ശ്രീ. ഫാം പീയൂസു മാർപ്പാപ്പാ അംഗീകരിച്ചിട്ടുള്ള വിഷയവിവരത്തിൽ
പാനവും ഒരുഭാഗമായി ചേർത്തിട്ടുള്ളതു. ഈ മിസ്സത്തിലും സ്ഥാപിച്ചിരി
ക്കുന്ന ഈ സംഘത്തിൽ പട്ടക്കാരിൽ വലിയ പങ്കു ചേർന്നിട്ടുണ്ടെന്നുള്ളതു

വളരെ സന്തോഷജനകമാണ്. എല്ലാവരും ഇതിൽചേർന്ന് അതിന്റെ നിശ്ചയമനുസരിച്ച് നടക്കണമെന്ന നാം ഹൃദയപൂർവം ആഗ്രഹിക്കുന്നു.

എന്നാൽ പുതുതായി ശ്രീ. സിംഹാസനത്തിൽനിന്നു ഓരോ സംഗതികളെപ്പറ്റി അയയ്ക്കുന്ന രീതിമാനങ്ങൾ എല്ലാ പട്ടക്കാരും അതാതു സമയം അറിഞ്ഞെന്നുവരാൻ തരമില്ല. തന്നെയല്ല, മറു പല സംഗതികളിൽ എല്ലാ പള്ളികളിലും ഒരേ തരത്തിൽ അല്ല ചില നടപടികളെന്നും കാണാവുന്നതാണ്. ആകയാൽ ഇവയെ പരിഹരിക്കണം എന്നുള്ള ഉദ്ദേശത്തോടുകൂടിയുമാണ് ഒരു പൊതുനാവ് എന്ന നിലയിൽ "എറണാകുളംമിസ്സൻ" മാസിക നാം പരസ്യം ചെയ്യുന്നതിനു തുടങ്ങിയതു്. എന്നാൽ തമ്മിൽ കണ്ടു വാദപ്രതിവാദങ്ങൾ നടത്തി മേൽ പറഞ്ഞ രീതിമാനങ്ങളും, മറു സംഗതികളെപ്പറ്റി മല്പാന്മാരുടെ അഭിപ്രായങ്ങളും, ശരിയായി ഗ്രഹിക്കുന്നതിനും, ശാസ്ത്രജ്ഞന്മാരുടെ നിർണ്ണയങ്ങൾ അനുസരിച്ചു പ്രവൃത്തിക്കുന്നതിൽ സാഹചര്യങ്ങൾകൊണ്ടു അതാതു സ്ഥലത്തുണ്ടാകുന്ന വിഷമതകളെ അതാതു സമയം പരിഹരിക്കേണ്ടുന്നതിനും എന്തു ചെയ്യണമെന്നു ആലോചിക്കുന്നതിനും, ഇങ്ങനെ നടപടികൾ എല്ലാ പള്ളികളിലും പട്ടക്കാരുടെ ഇടയിലും ഒരേവിധത്തിലാകുന്നതിനും, "കോൺഫറൻസ്" എന്നു സാധാരണമായി പറഞ്ഞുവരുന്ന സംഘങ്ങൾ കൂട്ടുന്നതു ഉത്തമ പോംവഴിയാണ്. ആകയാൽ ശ്രീ. സിംഹാസനത്തിന്റെ ഉദ്ദേശം അനുസരിച്ചു പട്ടക്കാരുടെ ഐക്യത്തിനും മറു നടപടികളിലും വലിയ സാഹായത്തെ ചെയ്യുന്ന ഈ "കോൺഫറൻസ്" നമ്മുടെ മിസ്സത്തിലും നടത്തി തുടങ്ങുന്നതിനു നാം ആഗ്രഹിക്കുന്നു. ഇതിനുള്ള വിഷയങ്ങളെ അതാതു സമയം അറിയിക്കുന്നതിനുകൂടി കരുതിയാണ് നമ്മുടെ "മാസിക" ആരംഭിച്ചതു്.

ക) മാസംതോറും നടത്തേണ്ടതാണെങ്കിലും തല്ക്കാലം ആണ്ടിൽ ഒരു തവണ നടത്തിത്തുടങ്ങിയാൽ മതിയാകുന്നതാണ്. ഇതിനു എല്ലാ പട്ടക്കാരും കൂടേണ്ടതാകുന്നു. കൂടാതെ ആണ്ടിൽ മൂന്നുതവണ "കാസൂസ്" എന്നു പറഞ്ഞുവരുന്ന ഓരോ വിഷയം സംബന്ധിച്ചുള്ള കാര്യങ്ങൾക്കു എല്ലാവരും എഴുത്താലെ ഉത്തരം അയയ്ക്കുയും വേണം.

ഖ) കോൺഫറൻസിനും കാസൂസിനും ഉള്ള വിഷയങ്ങൾ മുൻകൂട്ടി "എറണാകുളംമിസ്സൻ" മാസിക അയക്കുന്നതോടുകൂടിയായിരിക്കും സാധാരണ അയക്കുന്നതു്. നിശ്ചിതസമയത്തിനു ഒരു മാസം മുമ്പെങ്കിലും കിട്ടിയില്ലെങ്കിൽ നമ്മുടെ കച്ചേരിയിൽ എഴുതി ചോദിക്കണം.

ന) കോൺഫറൻസിനു വരുന്നതിനുമുമ്പു എല്ലാവരും കാസൂസിന്റെ ഉത്തരം കാരണങ്ങൾസഹിതം എഴുതിക്കൊണ്ടുപോരേണ്ടതും അതു

കോൺഫറൻസിൽ അദ്ധ്യക്ഷംവഹിക്കുന്നയാളെ തിരിച്ചുകേണ്ടതും അദ്ധ്യക്ഷൻ നമുക്കു അതാതു തവണ അവയെ അയച്ചു തരേണ്ടതുമാകുന്നു. എന്നാൽ ഇങ്ങനെ ഒന്നിച്ചുകൂടാത്ത മാറു മൂന്നു തവണ എഴുതി അയയ്ക്കേണ്ട ഉത്തരങ്ങൾ നിശ്ചയിച്ചിരിക്കുന്ന അവധിക്കു ഇവിടെ കിട്ടത്തക്കവണ്ണം അവരവർ നമ്മുടെ കച്ചേരിയിൽ അയച്ചുതരേണ്ടതാണു്.

൪) കോൺഫറൻസിന്നു തല്ക്കാലം അതാതു ഫൊറാനാപ്പള്ളികളിൽ കൂടണം.

൫) നാം പ്രത്യേകം ആളെ നിശ്ചയിക്കാത്തപക്ഷം ഫൊറാനാവികാരിയാണു് തന്റെ സ്ഥാനത്താൽ തന്നെ കോൺഫറൻസിന്നു അദ്ധ്യക്ഷനായിരിക്കേണ്ടതു്. ഇതിന്നു ഒക്കാത്ത അവസരങ്ങളിൽ വേറെ ആളെ അയാൾ നിശ്ചയിച്ചുകൊള്ളേണ്ടതും അങ്ങനെ നിശ്ചയിക്കപ്പെട്ട ആൾ ആ ജോലി വഹിക്കേണ്ടതുമാകുന്നു.

൬) കോൺഫറൻസിൽ വ്യവഹരിക്കേണ്ട വിഷയത്തെപ്പറ്റി ആ വിഷയങ്ങൾ പൂർണ്ണമായും, ശാസ്ത്രജ്ഞന്മാരുടെ പല അഭിപ്രായങ്ങൾ ഉണ്ടായിരുന്നാൽ അവയെ കാണിച്ചും, ഏതാണ് പ്രവൃത്തിയിൽ നമ്മൾ നടത്തേണ്ടതു എന്നും മറുമുള്ള കാര്യം കാരണങ്ങൾ സഹിതം പ്രതിവാദിച്ചും, എഴുതിക്കൊണ്ടുവന്നു വായിക്കുന്നതിനു ഒരാളെ നിശ്ചയിച്ചു തല്ക്കാലം നമ്മുടെ കച്ചേരിയിൽനിന്നു അറിയിക്കുന്നതാണു്.

൭) കോൺഫറൻസിന്നു കൂടാൻ പാടില്ലാത്തവിധം ഒഴിച്ചുകൂടാത്ത കാരണങ്ങൾ ഉണ്ടായാൽ വിവരം മുൻകൂട്ടി നമ്മെ ബോധിപ്പിച്ചു അനുവാദം വാങ്ങേണ്ടതാണു്. പെട്ടന്നുണ്ടായ എന്തെങ്കിലും കാരണവശാൽ മുൻകൂട്ടി അറിയിക്കാൻ ഒക്കാത്തപക്ഷം വിവരം കാണിച്ചു നമ്മെ ബോധിപ്പിക്കണം. ഏതുവിധത്തിലായാലും കോൺഫറൻസിന്നുള്ള വിഷയങ്ങൾക്കുള്ള ഉത്തരം എഴുതിയതു സംഘത്തിൽ സംഘംകൂട്ടുന്ന സമയത്തിന്നുമുമ്പു് കൊടുത്തയക്കയും അതു മറുള്ളവരുടെതിനോടുകൂടെ വായിക്കയുംവേണം.

൮) കോൺഫറൻസു് ഉച്ചകഴിഞ്ഞു നാലുമണിക്കു കൂടേണ്ടതും സാധാരണമായി ഒരു മണിക്കൂറിൽ അധികം നീളിപ്പിക്കേണ്ടതല്ലാത്തതുമാകുന്നു. യാത്രച്ചിലവുകൾ അവരവർ വഹിക്കേണ്ടതും ഭക്ഷണച്ചിലവുണ്ടായാൽ അതിൽ സംബന്ധിച്ചവർ ചെയ്യേണ്ടതുമാകുന്നു. കാലത്തു വരുന്നപക്ഷം ഉള്ളവർകൂടി ധ്യാനദിവസമായി കഴിക്കുന്നതു നല്ലതായിരിക്കും.

൯) കോൺഫറൻസിന്നു അദ്ധ്യക്ഷനോടുകൂടി എല്ലാവരും ഒരു സ്ഥലത്തു കൂടുകയും വിഷയം പ്രതിവാദിക്കാൻ നിശ്ചയിക്കപ്പെട്ടയാൾ എഴുതിക്കൊണ്ടു വന്നിട്ടുള്ളതു ആദ്യമായി വായിക്കയും അതിന്നുശേഷം മറോരോരു

ത്തർ എഴുതിക്കൊണ്ടുവന്നിട്ടുള്ളവയും വായിക്കുയും അതു കഴിഞ്ഞുള്ള വാദ പ്രതിവാദത്തിൽ ഉണ്ടായ രീതിമാനത്തെ അദ്ധ്യക്ഷൻ റിക്കാട്ടാക്കുകയും വേണം. സകലത്തിനും അദ്ധ്യക്ഷൻ വിവരമായ റിപ്പോർട്ടം കഴിയുംവേഗം നമുക്കയയ്ക്കുയും ചെയ്യണം.

൫) കോൺഫറൻസ് അമലോത്ഭവമാതാവിന്റെ തിരുനാളായ ഡിസംബർ ൮-ാംനു കഴിഞ്ഞുവരുന്ന ബുധനാഴ്ചയ്ക്കാണ് നിശ്ചയിച്ചിരിക്കുന്നതു്. ഉത്തരങ്ങൾ ക്രമപ്രകാരം എഴുതി അയയ്ക്കേണ്ടതിനു മാത്രമായി മാർച്ച്, മേയ്, ആഗസ്റ്റ് ഈ മാസങ്ങളുടെ അവസാനത്തിനുമുമ്പായും അവധി നാം നിശ്ചയിച്ചിരിക്കുന്നു.

൬) കുമ്പാനപ്പട്ടം കഴിഞ്ഞിട്ടുടനെ കുറെ കൊല്ലത്തേക്കു എല്ലാ പട്ടക്കാർക്കും സെമിനാരികളിൽ ഉണ്ടായിരുന്നതുപോലെയുള്ള പരീക്ഷകൾ വിശേഷാൽ നടത്തുന്നതു അവർ പഠിച്ച കാര്യങ്ങൾ മനസ്സിൽ പതിക്കുന്നതിനും പഠിച്ചതു പ്രവൃത്തിയിൽ വരുത്തുന്നതിനും മറും ഉത്തമ പോംവഴിയാകയാൽ അവർക്കു ശരിയായ പരീക്ഷ ആണ്ടിൽ ഒരിക്കൽ ഉണ്ടാകുന്നതാണ്. കുമ്പാനചൊല്ലിയിട്ടു പത്തുകൊല്ലം കഴിയാത്തവർ മാത്രമെ തല്ക്കാലം ഇതിൽ ചേരേണ്ടതായുള്ളൂ. ഇതിനു ഉയപ്പു കഴിഞ്ഞുവരുന്ന ബുധനാഴ്ചയാണ് നിശ്ചയിച്ചിരിക്കുന്നതു്. ഈ സമയം തിരുസൈത്തു മാറാനുള്ള അവധിക്കുടെയാകയാൽ പലർക്കും സൌകര്യത്തിനും വഴിയുണ്ട്. പരീക്ഷ കാലത്തു ഒൻപതര മണിക്കു തുടങ്ങുന്നതാണ്. ഇതിനായി ആരക്കുഴ മൈലക്കൊമ്പു ഡിവിഷ്യനിൽപ്പെട്ടവർ ആരക്കുഴയും മറുള്ളവർ നമ്മുടെ അരമനയിലും കൂടിക്കൊള്ളണം. Dogma, Moral, Liturgy ഇവ സംബന്ധിച്ചായിരിക്കും പരീക്ഷ. വിഷയങ്ങൾ മുൻകൂട്ടി നമ്മുടെ മാസികയിൽ പരസ്യം ചെയ്യുന്നതാണ്.

൭) ഇതിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള നടപടികൾ അടുത്ത മേയ് മാസം കഴിഞ്ഞു തുടങ്ങുന്നതാണ്.

എന്നു എറണാകുളത്തു നമ്മുടെ അരമനയിൽനിന്നും,

൧൯൨൮ ഏപ്രിൽ ൨൪-ാംനു.

എറണാകുളം വി. അ. കണ്ടത്തിൽ ആഗസ്തീനോസ്

മെത്രാപ്പോലീത്താ elect.

[illegible]

From the Encyclycal

"PASCENDI DOMINICI GREGIS"

of

HIS HOLINESS POPE PIUS X.

8th. Sep. 1907,

Condemning "Modernism".

---

1. *The Pope defines Modernism.*

"Now with Our eyes fixed upon the whole system, no one will be surprised that We should define it (modernism) to be the synthesis [conlectus] of all the heresies."

2. *One of the opinions of the modernists.*

"They (the modernists) cry out that ecclesiastical government requires to be reformed in all its branches, but especially in its disciplinary and dogmatic departments. They insist that both outwardly and inwardly it must be brought into harmony with the modern conscience, which now wholly tends towards democracy. A share in ecclesiastical government should, therefore, be given to the lower ranks of the clergy, and even to the laity, and authority, which is too much concentrated, should be decentralized."

3. *One of the causes of Modernism.*

"It is pride which fills modernists with that self-assurance by which they consider themselves and pose as the rule of all. It is pride which puffs them up with that vainglory which allows them to regard themselves as the sole possessors of knowledge, and makes them say, elated and inflated with presumption, "We are not as the rest of men", ... It is pride which arouses in them the spirit

of disobedience, and causes them to demand a compromise between authority and liberty. It is owing to their pride that they seek to be the reformers of others while they forget to reform themselves, and that they are found to be utterly wanting in respect for authority, even for the supreme authority. Truly there is no road which leads so directly and so quickly to Modernism as pride. When a catholic layman or a priest forgets the precepts of the Christian life which obliges us to renounce ourselves if we would follow Christ, and neglects to tear pride from his heart, then it is he who most of all is a fully ripe subject for the errors of Modernism."

4. *The first duty of Bishops.*

"For this reason, Venerable Brethren, it will be your first duty to resist such victims of pride, to employ them only in the lowest and obscurest offices. The higher they try to rise, the lower let them be placed, so that the lowliness of their position may limit their power of causing damage."

5. *The Popes solemn recommendation to priests.*

"No priest must lose sight of the solemn recommendation of Leo XIII. (Encycl. *Nobilissima Gallorum*, Feb. 10, 1884.) 'Let priests hold as sacred the authority of their pastors; let them take it for certain that the sacerdotal ministry, if not exercised under the guidance of the Bishops, can never be either holy, or very fruitful, or worthy of respect'."

കച്ചേരിക്കായ്യം.

———:o:———

എതെങ്കിലും ഒരു കായ്യത്തെപ്പററി വിചാരണകഴിച്ചു റിപ്പോട്ട് അയ ക്കണമെന്നോ വിവരം ബോധിപ്പിക്കണമെന്നോ അയക്കുന്ന കല്പനകൾ അനുസരിച്ചുള്ള റിപ്പോട്ടുകളും മറും, തിരിച്ച അവധി പറഞ്ഞിട്ടില്ലാത്ത പക്ഷം, ഈ ദിവസത്തിനകമെങ്കിലും നമ്മുടെ കച്ചേരിയിൽ അയച്ചുകൊ ള്ളണം.

എന്നു് എറണാകുളത്തുനിന്നും
൧൮൨൪ ഏപ്രിൽ ൨൨-ാംനു.
എറണാകുളം വി. അ. കണ്ടത്തിൽ ആഗുസ്തീനോസ്
മെത്രാപ്പോലീത്താ elect.

പോർത്തുഗീസ് മെത്രാപ്പോലീത്താ
മലയാളത്തിലുള്ള ഗുരുവര്യൻ ✠

———

മാമ്മോദീസായുടേയും വിവാഹത്തിന്റെയും മരണത്തിന്റെയും അച്ച ടിഫോറത്തിലുള്ള രജിസ്റ്റർകൾ ഇല്ലാത്ത പള്ളികളിലും ഇപ്പോൾ ഉള്ളതി നീന്പള്ളികളിലും ഈ മിസ്സംവക പ്രസ്സിൽ അച്ചടിച്ച രജിസ്റ്റർബുക്കുകൾ വാങ്ങി എഴുതിക്കൊള്ളണം.

എന്നു് എറണാകുളത്തുനിന്നും,
൧൮൨൪ ഏപ്രിൽ ൨൨-ാംനു.
കല്പനപ്രകാരം സെക്രട്ടരി
പയ്യപ്പിള്ളി മത്തായി ക.

———

സ്ഥലംമാററം.

൨൨-നു-൨൨. പയ്യപ്പിള്ളി ബ. കൊച്ചുവക്കി കത്തനാർ മഞ്ഞപ്ര പള്ളി യുടേയും,
പഞ്ഞിക്കാരൻ ബ. കൊച്ചുവുസേപ്പു കത്തനാർ എളൂർ പ ള്ളിയുടേയും, വികാരിമാരായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു.

വേദപ്രചാരസംഘം.

സെക്രട്ടരിമാരിൽ ഒരാളായിരുന്ന പഞ്ഞിക്കാരൻ ബ. കൊച്ചുപുസേപ്പച്ചനെ ടി. ജോലിയിൽനിന്നും ഒഴിവാക്കിയിരിക്കുന്നു.

ഫൻറന്റ ഡിസമ്പറിൽ കുബ്പാനപ്പട്ടം ഏറ്റവർ.

മൈമ്പിൽപള്ളി ഇടവക കണ്ടത്തിൽ ബ. കുറിയാക്കോസ് ക.
മഞ്ഞപ്രപള്ളി ഇടവക മങ്ങലി ബ. പൌലോസു ക.
മുട്ടത്തുപള്ളി ഇടവക ചിറയ്ക്കൽ ബ. ഇസഹാക്ക ക.
ടി. പള്ളി ഇടവക തോട്ടംകര ബ. മത്തായി ക.
വാഴക്കുളത്തുപള്ളി ഇടവക ഓലിക്കൽ ബ. യോഹന്നാൻ ക.

പൊറിസെമിനാരിൽ ചേരാൻ ആഗ്രഹിക്കുന്നവർ ജൂൺ ഫാംന്റ-ക്ക മുമ്പു ഹാജരായി അപേക്ഷിക്കേണ്ടതാണ്.

എന്നു് തെക്കുന്തല കുഞ്ഞവുസേപ്പു ക. റെക്ടർ.
സേക്രഡ് ഹാർട്ട് പൊറിസെമിനാരി.
എറണാകുളം,
൨൪-൫-൨൪.

ആലുവാ സെൻറ് മേറീസ് ഹൈസ്കൂൾ.

ടി. സ്കൂൾ ഈ ആണ്ടിൽ മേയ് ഫസ്റ്റാംന്റ തുറക്കപ്പെടുന്നതാണ്. കത്തോലിക്ക കുട്ടികൾക്ക പ്രവേശനം കിട്ടിയില്ലെന്നു വരാതിരിപ്പാൻവേണ്ടി ടി. സ്കൂളിൽ ചേരണമെന്നു ആഗ്രഹിക്കുന്ന കുട്ടികൾ മേയ് ഫസ്റ്റാംന്റ-ക്ക മുമ്പു അപേക്ഷ അയച്ചിരിക്കേണ്ടതാണ്.

പ്രത്യേക നോട്ടീസ്.

—:o:—

സൂറിയാനി "മെയറാക്കി" സ്മാരകത്തിന്നായും പാലിയം കൊടുക്കുന്ന ദിവസം വേണ്ടവിധം ആഘോഷിക്കുന്നതിന്നായും നടത്തിവരുന്ന പണപ്പിരിവിൽ ഓരോരുത്തരും കൊടുക്കുന്ന സംഖ്യയും കൊടുക്കുന്നവരുടെപേരും അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുമെന്നു ഞങ്ങൾ മുമ്പു അറിയിച്ചിരുന്നതാണ്. എന്നാൽ തീരെ ചെറിയ സംഖ്യകൾ കൊടുക്കുന്നവരുടെപേരു പ്രസിദ്ധംചെയ്യുമോ എന്നു പലർക്കും സംശയമുള്ളതായി ഞങ്ങൾക്കു അറിവുകിട്ടിയിരിക്കുന്നു. എന്നാൽ ഈ പണപ്പിരിവിലേക്കു ഒരു പൈമാത്രം ഒരാൾ കൊടുക്കുന്നുള്ളു എങ്കിൽതന്നെയും ആ ആളുടെപേരും കൊടുക്കുന്ന സംഖ്യയും അച്ചടിച്ചു പ്രസിദ്ധംചെയ്യുന്നതിന്നാണ് കമ്മറിക്കാർ തീർച്ചയാക്കീരിക്കുന്നു. അതിനാൽ തീരെ ചെറിയ സംഖ്യകൾ തരുന്നവരുടെപേരും തരുന്ന സംഖ്യയുടെ തുകയും കൂടി വിവരമായി സംഖ്യ പിരിക്കുന്നവർ ഞങ്ങൾക്കു എഴുതി അയച്ചുതരുന്നതെന്നു പ്രത്യേകം താല്പര്യപ്പെട്ടുകൊള്ളുന്നു.

എന്നു് കമ്മറിക്കുവേണ്ടി

സെക്രട്ടറി

ജോസഫ് തച്ചിയത്തു്.

PRINTED AND PUBLISHED BY
REV. BRO. FRANCIS AT THE MAR LOUIS MEMORIAL PRESS,
ERNAKULAM

ഇവിടെ വില്പാനുള്ള പുസ്തകങ്ങൾ.

—:o:— ക. ണ. സ.

ആത്മസ്ഥിതി പുസ്തകം.
പുതിയ രീതിയിലുള്ള മാമ്മാദീസാ രജിസ്റ്റർ.
ടി. ടി. മരണ രജിസ്റ്റർ.
ബ. വൈദികരുടെ പത്തുദിവസത്തെ ധ്യാനം. „ ക്ക. „
അനുദിനഭോജനം. „ ന. „
വിശുദ്ധ മറിയം ദൈവത്തിന്റെ അമ്മയാണ്. „ ഠ. „
സൂറിയാനിക്രിസ്ത്യാനിയും അതിന്റെ ലത്തീൻതജ്ജമയും.
വി. ത്രേസ്യായുടെ ചരിത്രസംഗ്രഹം. „ ഠ. „
തെരട്ടപുസ്തകം ഒന്നുക്കു വില ര. „ „

വേദോപദേശം പത്തു പാഠങ്ങളും,
നൂ. മണിജപവും, തിരുഹൃദയ ജപമാലയും,
ശുദ്ധീകരാത്മാവുകളുക്കുവേണ്ടുള്ള പ്രാർത്ഥനയും, നമസ്കാരങ്ങളും,
മാംസം വർജ്ജിക്കേണ്ട ദിവസങ്ങളും, കടമുള്ള ദിവസങ്ങളും,
ആണ്ടുകുമ്പസാരത്തിന്റെ അവുധിയും അടങ്ങിയ
ചെറിയ വേദോപദേശം വില്പാൻ തയ്യാറുണ്ട്.
വില പുസ്തകം ക്ക ഠ ണ.
ക്കന്ത് ക കമ്മീഷൻ കൊടുക്കുന്നതുമാണ്.
പുതിയ രീതിയിൽ ഉള്ള വിവാഹരജിസ്റ്റർ അടിച്ചു തയ്യാറായിരിക്കുന്നു.